# മഹാത്മാഗാന്ധി സർവകലാശാല

പ്രിയദർശിനി ഹിൽസ്, കോട്ടയം

## ക്വട്ടേഷൻ നോട്ടീസ്

എ.ഡി.ബി. മൂന്ന് /2/162/ 2017/ഭരണം　　　　　　　　　　　　തീയതി, 23/10/2017

സർവ്വകലാശാല അസംബ്ലി ഹാളിനു മുൻവശം നിൽക്കുന്ന പൊങ്ങല്യം, വട്ട,പ്ലാവ് തെങ്ങ്, ആഞ്ഞിലി തുടങ്ങി മുപ്പത്തിയാറോളം മരങ്ങൾ വിലയ്ക്ക് വാങ്ങി വെട്ടി നീക്കുന്നതിന് താത്പര്യമുള്ളവരിൽ നിന്നും മുദ്ര വച്ച കവറിൽ മത്സരാടിസ്ഥാനത്തിലുള്ള പുനർ ക്വട്ടേഷനുകൾ ക്ഷണിച്ച് കൊള്ളുന്നു.

**ക്വട്ടേഷനുകൾ ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)-2 മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ്, കോട്ടയം, 686560** എന്ന വിലാസത്തിൽ നേരിട്ടോ തപാലിലോ എത്തിക്കേണ്ടതാണ്. അവസാന തീയതി 27/10/2017 2.30pm.അന്നേ ദിവസം 3.00p.m. ന് ക്വട്ടേഷനുകൾ തുറക്കുന്നതാണ്.ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ **സെക്യൂരിറ്റി ഡിപ്പോസിറ്റ് ഇനത്തിൽ 5000/- രൂപ** ഫിനാൻസ് ഓഫീസർ ,എം.ജി.സർവകലാശാലയുടെ പേരിൽ **ഡി.ഡി.യായി മാത്രം** എടുത്ത് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ **ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയുടെ** പകർപ്പും സമർപ്പിക്കേണ്ടതാണ്.

ക്വട്ടേഷനുകൾ അടക്കം ചെയ്ത കവറിനു പുറത്ത് **ക്വട്ടേഷൻ/ മരങ്ങൾ/ ഒക്ടോബർ /2017** എന്ന് രേഖപ്പെടുത്തണം.

(ഒപ്പ്)
ജോയിൻറ് രജിസ്ട്രാർ I (ഭരണം)
രജിസ്ട്രാർക്കു വേണ്ടി

## ക്വട്ടേഷൻ വ്യവസ്ഥകൾ

1.ക്വട്ടേഷൻ നോട്ടീസ് 27/10/2017 രണ്ട് മണി വരെ എഡി.ബി3 സെക്ഷനിൽ നിന്നും കൈപ്പറ്റാവുന്നതാണ്. രജിസ്ട്രേഡ് തപാൽ മാർഗ്ഗമോ നേരിട്ടോ ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി 27/10/2017 ഉച്ചയ്ക്ക് 2.30 മണി ആണ്. ക്വട്ടേഷനോടൊപ്പം ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖയുടെ പകർപ്പ് (വോട്ടർഐഡി, പാൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്) വയ്ക്കേണ്ടതാണ്.

2.ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതി 27/10/2017 2.30pm.അന്നേ ദിവസം 3.00p.m. ന് ക്വട്ടേഷനുകൾ തുറക്കുന്നതാണ്. അന്നേ ദിവസം അവധി ആയാൽ അടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതാണ്.

3.ക്വട്ടേഷൻ സമർപ്പിക്കുന്നവരും പങ്കെടുക്കുന്നവരും നിരതദ്രവ്യമായി 5,000/-രൂപ (രൂപ മാത്രം)മഹാത്മാഗാന്ധി സർവ്വകലാശാലാ ഫിനാൻസ് ഓഫീസറുടെ പേരിൽ എസ്.ബി.ടി. പ്രിയദർശിനി ഹിൽസ് ശാഖയിൽ മാറാവുന്ന ഡിമാൻഡ്ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്.

4.ക്വട്ടേഷൻ ഉറപ്പിക്കുന്ന മുറയ്ക്ക് പിടിക്കുന്ന ആൾ തുകയുടെ 25% അപ്പോൾതന്നെയും ബാക്കി തുകയും നിയമാനുസൃതമായ വിൽപ്പനനികുതിയും ചേർത്ത് മുൻകൂർ അടച്ച് ടി. പരിസരത്തെ മറ്റു മരങ്ങൾക്കോ വസ്തു വകകൾക്കോ നാശനഷ്ടങ്ങൾ സംഭവിക്കാതെ മരങ്ങൾ മുറിച്ച് മാറ്റേണ്ടതുമാണ്. മരങ്ങളുടെ മുറിച്ചു നീക്കൽ ഓഫീസ് പ്രവർത്തി സമയങ്ങളിൽ മാത്രം നിർവഹിക്കേണ്ടതാണ്. മരങ്ങൾ മുറിച്ച് മാറ്റേണ്ട അവസാന തീയതി 05/11/.2017.

5.ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി നിശ്ചിത ദിവസത്തിനകം ബാക്കി തുക അടക്കാതെ പിന്മാറുന്ന പക്ഷം പുനർ വിൽപ്പനയിൽ ഉണ്ടാകാവുന്ന എല്ലാ നഷ്ടങ്ങൾക്കും ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി ഉത്തരവാദിയായിരിക്കുന്നതാണ് .നിരതദ്രവ്യം ഉൾപ്പെടെ അതു വരെ അടച്ച എല്ലാ തുകയും സർവകലാശാലാ ഫണ്ടിലേക്കു മുതൽ കൂട്ടുന്നതും നഷ്ടം വരുന്ന തുക കോടതിച്ചിലവുൾപ്പെടെ ഈടാക്കാനുള്ള നടപടി എടുക്കുന്നതും ആണ്.

6.ക്വട്ടേഷൻ ഏറ്റവും കൂടിയ തുക വരുന്ന ഒന്നും രണ്ടും സ്ഥാനക്കാരുടെ നിരതദ്രവ്യം ക്വട്ടേഷൻ നടപടികൾ പൂർത്തിയാക്കിയ ശേഷം മാത്രമേ തിരികെ നൽകുകയുള്ളു.

7.സർവ്വകലാശാലാ എസ്റ്റേറ്റ് ഓഫീസർ അടയാളപ്പെടുത്തിയ മരങ്ങൾ മാത്രമെ മുറിക്കുവാൻ പാടുള്ളു.

8.മരങ്ങൾ മുറിക്കുന്നതും നീക്കം ചെയ്യുന്നതും ചുമതലയുള്ള സർവ്വകലാശാല ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കണം.

9.പ്രത്യേക കാര്യങ്ങളുടെ അടിസ്ഥാനത്തിലോ അല്ലാതെയോ ഉറപ്പിച്ച ക്വട്ടേഷൻ റദ്ദാക്കുന്നതിനുള്ള അധികാരം സർവ്വകലാശാല രജിസ്ട്രാറിൽ നിക്ഷിപ്തമാണ്.

10.ക്വട്ടേഷൻ നിബന്ധനകൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

11.ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കും മരങ്ങൾ നേരിൽ കാണുന്നതിനുമായി എ.ഡി.ബി.3 സെക്ഷനുമായി ബന്ധപ്പെടേണ്ടതാണ് .

ജോയിൻറ് രജിസ്ട്രാർ I (ഭരണം)

രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1. വൈസ്-ചാൻസലറുടെ /പ്രൊ വൈസ്-ചാൻസലറുടെ പി.എസ്.
2. രജിസ്ട്രാറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.
3. സർവ്വകലാശാല എഞ്ചിനീയർ
4. ജെ.ആർ.1 (ഭരണം)
5. ജെ.ആർ.(ധനകാര്യം)
6. എ.എസ്.ഒ.
7. ഡി.ആർ.2 (ഭരണം)
8. പി.ആർ.ഒ.

# മഹാത്മാഗാന്ധി സർവകലാശാല

നം.എ.ഡി.ബി.3/2/162/2017/ഭ.വി തീയതി, 24,.10.2017

## ക്വട്ടേഷൻ ഫോറം

24.10.2017ലെ ക്വട്ടേഷൻ നോട്ടീസ് നം.എ.ഡി.ബി.3/2/162/2017/ഭരണം പ്രകാരം മഹാത്മാ ഗാന്ധി സർവകലാശാലയുടെ അതിരമ്പുഴ ക്യാമ്പസിൽ അസംബ്ലി ഹാളിനു സമീപം നിൽക്കുന്ന വിൽക്കാൻ ഉദ്ദേശിക്കുന്ന മരങ്ങൾ നേരിട്ട് കണ്ടു.ടി.മരങ്ങൾ സർവകലാശാല നിർബന്ധനകൾക്കു വിധേയമായി............രൂപയ്ക്ക് (..............................................................മാത്രം) വാങ്ങി മുറിച്ച് നീക്കുവാനുള്ള സന്നദ്ധത അറിയിക്കുന്നു.

ഒപ്പ്:

പേര്:

വിലാസം:

ഫോൺ: